ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **DTETVM/2407/2026-FINA5 (FINA)** തീയതി: 29-05-2026

**<u>പരിപത്രം</u>**

വിഷയം:- സർക്കാർ സ്ഥാപനങ്ങളിലെ ട്യൂഷനും മറ്റ് ഫീസുകളും സംബന്ധിച്ച് ഹെഡ് ഓഫ് അക്കൌണ്ട് (H o A) മാറ്റം - സംബന്ധിച്ച്

സൂചന :- 1. ധന കാര്യ (ബജറ്റ് വിങ് -സി )വകുപ്പിന്റെ 17/03/2026 തീയതിയിലെ ജി. ഒ.(ആർ ടി) 2920/2026/ധന .
2. 18-03-2026 തീയതിയിലെ ഇതേ നമ്പർ പരിപത്രം

സൂചനയിലെ സർക്കാർ കത്തിലേക്കും സർക്കുലറിലേക്കും സവിനയം ശ്രദ്ധ ക്ഷണിക്കുന്നു. 2026-27 സാമ്പത്തിക വർഷത്തെ (ഏപ്രിൽ മാസം മുതൽ) ട്യൂഷനും മറ്റ് ഫീസുകളും 0202-02-800-99-00 എന്ന ശീർഷകത്തിന് പകരം 0202-02-101-96-00 എന്ന പുതിയ ശീർഷകത്തിലേക്ക് മാറ്റി നിശ്ചയിച്ചുകൊണ്ട് മേൽ സൂചന 1 പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരംട്യൂഷനും മറ്റ് ഫീസുകളും 0202-02-800-99-00 എന്ന ശീർഷകത്തിന് പകരം 0202-02-101-96-00 എന്ന പുതിയ ശീർഷകത്തിലേക്ക് മാറ്റി ട്രെഷറി യിൽ ഒടുക്കുന്നതിന് സൂചന 2 പരിപത്രം പ്രകാരം നിർദേശം നല്കിയിരുന്നു . എന്നാൽ GPTC Nedumangad, GPTC Pala, MTI Kottayam, GPTC Koratty, GPTC Manjeri, GPTC Naduvil, WPTC Kaimanam, GEC Sreekrishnapuram എന്നീ സ്ഥാപനങ്ങളിലെ ഏപ്രിൽ മാസത്തെ ട്യൂഷനും മറ്റ് ഫീസുകളും പുതിയ ശീർഷകത്തിലേക്ക് മാറ്റി നിശ്ചയിച്ചിട്ടില്ല എന്ന് കാണുന്നു. ആയതിനാൽ ട്രഷറി സംവിധാനത്തിൽ പുതിയ ശീർഷകം ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

SHEFEEK AHAMMAD C M
SENIOR FINANCE OFFICER

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).

2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Digitally signed by
Shefeek Ahammad C M
Date: 29-05-2026
12:18:48